IV. ശ്രദ്ധക്ഷണിക്കൽ

1. കേന്ദ്ര സർക്കാരിന്റെ കയറ്റിറക്കുമതി നയംമൂലം സംസ്ഥാനത്തിന്റെ കാർഷികമേഖലയിൽ ഉളവായിട്ടുള്ള പ്രതിസന്ധി

ശ്രീ. എ. കണാരൻ : സർ, ബി.ജെ.പി. ഗവൺമെന്റ് നമ്മുടെ നാടിനെ തകർത്തു കഴിഞ്ഞു. ജനങ്ങളുടെ ജീവിതം നരകതുല്യമാക്കിത്തീർത്തു. കേരളത്തിലെ ഏറ്റവും വലിയ വരുമാനമാർഗ്ഗമായ കാർഷികോൽപ്പന്നങ്ങൾക്ക് ഇറക്കുമതിച്ചുങ്കം കുറച്ചതിന്റെ ഫലമായി കടുത്ത ദുരന്തമാണ് നമ്മുടെ രാജ്യത്ത് വന്നിരിക്കുന്നത്. ഇൻഡ്യാ ഗവൺമെന്റ് ഉണ്ടാക്കിയ ഇറക്കുമതി കരാറിന്റെ ഫലമായിട്ടാണ് കേരളം ഈ തകർച്ചയുടെ വക്കത്ത് എത്തിയിരിക്കുന്നത്. 1991-ൽ 350% ഇറക്കുമതിച്ചുങ്കം ഉണ്ടായിരുന്നത് 16% ആയി ചുരുക്കുകയുണ്ടായി. അതാണിതിന്റെ യഥാർത്ഥ കാരണം. 1999-ഡിസംബറിൽ ഉണ്ടാക്കിയ ഇൻഡ്യ-അമേരിക്ക വ്യാപാരക്കരാറിന്റെ അടിസ്ഥാനത്തിൽ 714 ഉൽപ്പന്നങ്ങൾ ഇറക്കുമതി ചെയ്യാൻ ഗവൺമെന്റ് അനുമതി നൽകി. 2001 ആകുമ്പോൾ വീണ്ടും ഇറക്കുമതി നിയന്ത്രണം എടുത്തുകളഞ്ഞ് 715 ഉല്പന്നങ്ങൾകൂടി ഇറക്കുമതി ചെയ്യാനുള്ള അനുവാദം നൽകും. രണ്ടുംകൂടെ ചേർക്കുമ്പോൾ 1429 ഉല്പന്നങ്ങൾ ഇറക്കുമതി ചെയ്യാം. നമ്മുടെ കേരളത്തിൽ അതിന്റെ ഫലമായി കാർഷികമേഖല തകർന്നു തരിപ്പണമാകുകയാണ്. ഈ ഇറക്കുമതിക്കുവേണ്ടി അനുവദിച്ച 714 ഉൽപ്പന്നങ്ങൾ ഇറക്കുമതി ചെയ്യാൻ ഗവൺമെന്റ് അനുമതി നൽകി. 2001 ആകുമ്പോൾ വീണ്ടും ഇറക്കുമതി നിയന്ത്രണം എടുത്തുകളഞ്ഞ് 715 ഉൽപ്പന്നങ്ങൾ കൂടി ഇറക്കുമതി ചെയ്യാനുള്ള അനുവാദം നൽകും. രണ്ടുംകൂടെ ചേർക്കുമ്പോൾ 1429 ഉൽപ്പന്നങ്ങൾ ഇറക്കുമതി ചെയ്യാം. നമ്മുടെ കേരളത്തിൽ അതിന്റെ ഫലമായി കാർഷികമേഖല തകർന്നു തരിപ്പണമാകുകയാണ്. ഈ ഇറക്കുമതിക്കുവേണ്ടി അനുവദിച്ച 714 സാധനങ്ങൾ കേരളത്തിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന ഏറ്റവും പ്രധാനപ്പെട്ട സാധനങ്ങളാണ് തേങ്ങാപ്പൊടി, കാപ്പി, തേയില, കുരുമുളക്, സുഗന്ധവ്യഞ്ജനങ്ങൾ, ഇഞ്ചി, ചുക്ക്, ഏലക്കായ്, അണ്ടിപ്പരിപ്പ്, റബ്ബർ ഉല്പന്നങ്ങളായ ചെരുപ്പ് എന്നിവയെല്ലാം ഇതിൽപ്പെടുന്നതാണ്. ഇത്തരം ഉല്പന്നങ്ങളുടെ ഇറക്കുമതിച്ചുങ്കത്തിന്റെ നിരക്കിൽ വരുത്തിയ വമ്പിച്ച കുറവാണ് ഈ ദുരന്തം വരുത്തിവയ്ക്കാൻ ഇടനൽകിയിട്ടുള്ളത്. ബി.ജെ.പി. ഗവൺമെന്റ് നമ്മുടെ നാടിനെ നശിപ്പിച്ചുകൊണ്ടിരിക്കുകയാണ്. യാതൊരു തർക്കവുമില്ല. സാമ്പത്തികനയവും ഇറക്കുമതിനയവും കാർഷികമേഖലയെ ആകെ തകർത്തു കഴിഞ്ഞു. സാധാരണ കൃഷിക്കാരേയും ഇടത്തരം കൃഷിക്കാരേയും, കർഷകത്തൊഴിലാളികളേയും ചെറുകിട കർഷകരേയും തോട്ടംമേഖലയിലെ തൊഴിലാളികളേയും തീരാദുരിതത്തിലും പട്ടിണിയിലും അകപ്പെടുത്തിക്കഴിഞ്ഞു. കോൺഗ്രസ്സ് നേതാവും മുൻപ്രധാനമന്ത്രിയുമായ ശ്രീ. നരസിംഹറാവുവും അന്നത്തെ ധനകാര്യമന്ത്രിയായ ശ്രീ. മൻമോഹൻ സിംഗും തുടങ്ങിവച്ച സാമ്പത്തികനയങ്ങളാണ് ഈ ഗതികേടിലേക്ക് കൊണ്ടുചെന്നെത്തിച്ചത്. കോൺഗ്രസ്സ് പാർട്ടി തുടങ്ങിവച്ച ഈ നയം പൊതുജന സമക്ഷം കൊണ്ടുവന്ന് ജനകീയ ശക്തികളോടൊപ്പം ചേർന്ന് ഉയരാൻ നമ്മുടെ പ്രതിപക്ഷ നേതാവും കോൺഗ്രസ്സുകാരും ഇന്ന് ഇരുട്ടിൽ തപ്പുകയാണ്. അങ്ങനെ ഇരുട്ടിൽ തപ്പുന്നതിന്റെ ഭാഗമായിട്ടാണ് അവർ ഇന്നൊരു സത്യാഗ്രഹ സമരം നടത്തി രാജ്യത്തെ ജനങ്ങളെ വഞ്ചിക്കാൻ വേണ്ടി ഇറങ്ങി പുറപ്പെട്ടിട്ടുള്ളത്. 1189/2010.

LIBRARY ARCHIVES Kerala Legislative Assembly

നിങ്ങൾ തെറ്റു തിരുത്തി മുന്നോട്ടു വരണമെന്നാണ് പ്രതിപക്ഷ നേതാവിനോടെനിക്ക് പറയാനുള്ളത്. അങ്ങനെ തെറ്റു തിരുത്തി മുന്നോട്ടു വരുന്നതിനു പകരം, കാർഷികോൽപ്പന്നങ്ങളുടെ വിലയിടിവിനു കാരണം എൽ.ഡി.എഫ് ഗവൺമെന്റാണെന്ന വമ്പൻ നുണ പ്രചരിപ്പിക്കപ്പെടുന്നു. സത്യാഗ്രഹം നടത്തി ജനങ്ങളെ വഞ്ചിക്കുന്ന ഈ നടപടിക്ക് മാറ്റം വരുത്തണം. യാതൊരു നിയന്ത്രണവുമില്ലാത്ത ഇറക്കുമതി നയമാണ് രാജ്യത്തെ കാർഷികമേഖലയെ തകർക്കുന്നത്. ഇവിടെ ഉല്പാദിപ്പിക്കപ്പെടുന്ന കാർഷിക ഉൽപ്പന്നങ്ങൾ തന്നെ വീണ്ടും ഇറക്കുമതി ചെയ്യുന്നു. അതിന്റെ ഫലമായിട്ട് വിലയിടിവ് സംഭവിക്കുന്നു. നാളികേരത്തിന് രണ്ടു രൂപാ വിലയില്ലാതായിരിക്കുന്നു. 63 രൂപ വില ഉണ്ടായിരുന്ന റബ്ബറിന് 23 രൂപ പോലും ഇല്ലാത്ത അവസ്ഥയാണിപ്പോൾ ഉണ്ടായിരിക്കുന്നത്. വിദേശ രാജ്യങ്ങളിൽ വമ്പിച്ച ഡിമാന്റുണ്ടായിരുന്ന ഇൻഡ്യയിലെ കറുത്ത തേയിലയ്ക്ക് കയറ്റുമതി നഷ്ടപ്പെടുക മാത്രമല്ല നാട്ടിലും തേയിലയ്ക്ക് വിലയില്ലാതായിരിക്കുന്നു. തോട്ടം തൊഴിലാളികൾ കൂലിപോലും ലഭിക്കാതെ പട്ടിണിയിലാണ്. കഴിഞ്ഞ പ്രാവശ്യം നമ്മൾ പൊൻമുടിയിലേയും ബോണക്കാട്ടിലേയും കാര്യത്തെപ്പറ്റി ചർച്ചചെയ്തതാണ്. സുഗന്ധദ്രവ്യങ്ങൾ എല്ലാംതന്നെ വമ്പിച്ച വിലയിടിവ് നേരിടുകയാണ്. കുരുമുളക് കയറ്റുമതി ചെയ്യാൻ കഴിയാത്ത വിഷമതയിലാണ്. വില കുത്തനെ താഴ്ന്നുപോയിക്കൊണ്ടിരിക്കുന്നു. കേരളത്തിലെ നാളീകേരം, അടയ്ക്ക, കാപ്പി, റബ്ബർ, തേയില തുടങ്ങിയ കാർഷികോൽപ്പന്നങ്ങൾക്കെല്ലാം വിലയിടിഞ്ഞ് കൃഷിക്കാർ കുത്തുപാളയെടുക്കുന്ന സ്ഥിതിയാണ്. ബി.ജെ.പി. ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം കാർഷികമേഖലയെ തകർക്കുക മാത്രമല്ല അവർ ചെയ്തിട്ടുള്ളത്. വളം സബ്സിഡി 1500 കോടി രൂപ എടുത്തു കളഞ്ഞു. ഭക്ഷ്യ സബ്സിഡി 1500 കോടി രൂപ വെട്ടിക്കുറച്ചു. 250 കോടി രൂപയുടെ പഞ്ചസാര സബ്സിഡി കുറവു ചെയ്തു. അതുപോലോതന്നെ ഇറക്കുമതി കൂടി വന്നപ്പോൾ ഇടിവെട്ടിയവനെ പാമ്പുകടിച്ചതുപോലത്തെ സ്ഥിതിയായി. നാട്ടുകാരും കൃഷിക്കാരും ഉല്പന്നങ്ങൾക്ക് ന്യായമായ വില ലഭിക്കാതെ ഉഴലുകയാണ്. കൃഷിക്കാർ അവരുടെ കയ്യിലുള്ള ഭൂമി കഷണം കഷണമായി വിറ്റുകൊണ്ടിരിക്കുകയാണ്. കെട്ടുതാലി ഉൾപ്പെടെ വീട്ടുപകരണങ്ങളെല്ലാം ഓരോന്നോരോന്നായി വിറ്റുകൊണ്ടിരിക്കുന്ന സ്ഥിതിയാണിവിടെയുള്ളത്. 40 ലക്ഷത്തോളം നാളികേരക്കൃഷിക്കാർ നമ്മുടെ നാട്ടിലുണ്ടെന്നാണ് പറയുന്നത്. കഴിഞ്ഞ പ്രവശ്യം 667 കോടി നാളീകേരം ഉല്പാദിപ്പിച്ചു. 1998-99-ൽ 464 കോടി ഉല്പാദിപ്പിച്ച സ്ഥാനത്ത് 2000 ആകുമ്പോൾ 687 കോടിയായി വർദ്ധിച്ചു. 223 കോടി നാളീകേരത്തിന്റെ വർദ്ധനവ് ഇവിടെയുണ്ടായി. വൻപിച്ച വർദ്ധനവാണ് ഉണ്ടായിരിക്കുന്നത്. ഈ നാളീകേരത്തിന് വില വർദ്ധിച്ചിരുന്നെങ്കിൽ നമ്മുടെ കേരളം ഐശ്വര്യപൂർണ്ണമായ കേരളം ആയിത്തീർന്നേനെ. 1995-96-ൽ 3.35 രൂപ വിലയായിരുന്നു. 1996-97-ൽ 4.80 രൂപയായിരുന്നു. 1998-ൽ 4.85 രൂപയായിരുന്നു. പിന്നീട് 5.80 രൂപയായും 6 രൂപയായും വന്നു. ഈ വിലയിടിവിന്റെ ഫലമായി 3000 കോടി രൂപയുടെ നഷ്ടമുണ്ടായി. തേയില 1999-ൽ-36090 ഹെക്ടർ സ്ഥലത്താണ്-68373 ടൺ ഉല്പാദിപ്പിച്ചു. അതിന്റെ ഫലമായി ഒരു ദിവസം 84,000 തൊഴിൽദിവസം ഇവിടെയുണ്ടായി. 84,000 തൊഴിലാളികൾ ദിവസേന ജോലി ചെയ്യുന്ന ഒരു തോട്ടമായി തേയിലത്തോട്ടം വളർന്നു വന്നു. 1998-ൽ ഒരു കിലോഗ്രാമിന് 79.39 രൂപ കിട്ടിയിരുന്ന സ്ഥാനത്ത് 2000 മേയ് ആയപ്പോൾ 40 രൂപയായി കുറഞ്ഞു. ഇതിന്റെ ഫലമായി തേയിലത്തോട്ടങ്ങൾ വെട്ടിനശിപ്പിക്കുന്ന അവസ്ഥയാണ് ഇവിടെയുള്ളത്. ഒരു ദിവസം 25,000 തൊഴിലാളികൾക്ക് ജോലി കിട്ടുന്ന മേഖലയായ

LIBRARY ARCHIVES Kerala Legislative Assembly

കാപ്പിക്ക് 1995-ൽ 85 രൂപ വില ആയിരുന്നു. അത് 2000 ആയപ്പോൾ 41.50 രൂപയായും 43.50 രൂപയായും കുറഞ്ഞു. സാമ്പത്തികനഷ്ടം ഇതിന്റെ ഫലമായി ഉണ്ടായത് 212 കോടി രൂപയാണ്. അടയ്ക്കയ്ക്ക് ഒരു കിലോഗ്രാമിന് 160 രൂപാ വില ഉണ്ടായിരുന്നത് ഇപ്പോൾ 50 രൂപയായി ചുരുങ്ങി. 110 രൂപയുടെ വിലക്കുറവുണ്ടായിരുന്നു. 9,000 ടൺ അടയ്ക്ക ഇറക്കുമതി ചെയ്തതിന്റെ ഫലമായിട്ടാണ് ഈ വിലയിടിവുണ്ടായത്. 14436 ടൺ റബ്ബർ ഇറക്കുമതി ചെയ്തതിന്റെ ഫലമായിട്ട്, ഒരു കിലോഗ്രാം റബ്ബറിന് 63 രൂപ ഉണ്ടായിരുന്നത് 23 രൂപയായി കുറഞ്ഞു. ഈ ഗുരുതരമായ അവസ്ഥ ഗൗരവമായി കണ്ടില്ലെങ്കിൽ 1943-ൽ അനുഭവപ്പെട്ട ഗുരുതരമായ ഭക്ഷ്യക്ഷാമത്തിന്റെ ആവർത്തനം ഉണ്ടാകും. സാമ്രാജ്യത്വവാദികളുടെ ദാസൻമാരായിട്ടുള്ള ഭരണവർഗ്ഗം ആഗോളവൽക്കരണത്തിന്റെ പേര് പറഞ്ഞ് നമ്മുടെ രാജ്യത്തെ തകർക്കുകയാണ്. രാജ്യസ്നേഹികൾക്കും മനുഷ്യസ്നേഹികൾക്കും ഇത് കയ്യുംകെട്ടി നോക്കിനിൽക്കാൻ കഴിയാത്ത അവസ്ഥയാണ്. ഈ വിലയിടിവിന്റെ പ്രധാനപ്പെട്ട ഒരു കാരണം 1987-ൽ പതിനഞ്ചു ലക്ഷം ടൺ പാമോയിലും സസ്യഎണ്ണയും കൂടി ഇറക്കുമതി ചെയ്തതായിരുന്നു. 1993-ൽ ഇത് വെറും രണ്ടു ലക്ഷം ടൺ ആയി കുറഞ്ഞു. ഇതിന്റെ ഫലമായി പാം ഓയിലിനും ഭക്ഷ്യയെണ്ണയ്ക്കും 4.50 രൂപ 5 രൂപ 5.50 രൂപയാണ് വർദ്ധിച്ചത്. 1994 ഏപ്രിൽ 18 ആയപ്പോൾ ഓപ്പൺ ജനറൽ ലൈസൻസ് വന്നതിന്റെ ഫലമായി 1994-1995 ൽ 2,56,400 ടണ്ണായി വീണ്ടും പാം ഓയിലും ഭക്ഷ്യയെണ്ണയും ഇറക്കുമതി വർദ്ധിപ്പിച്ചു. 16 ഇരട്ടിയായി വർദ്ധിപ്പിച്ചു. 46,96,000 ടണ്ണായി ഉയർന്നു. അതിന്റെ ഫലമായി ഒരു കിന്റൽ വെളിച്ചെണ്ണയ്ക്ക് 5553 രൂപ ഇവിടെ വിലയുണ്ടായിരുന്നത് 2500 രൂപയായി താഴോട്ടുപോയി, ഇതിനെപ്പറ്റി അധികം വിശദീകരിക്കേണ്ട ആവശ്യമില്ല. ഇതിന്റെ ഫലമായി 2573 രൂപയുടെ കുറവുണ്ടായി, പകുതി കണ്ട് വില കുറഞ്ഞു. ഏറ്റവും പ്രധാനപ്പെട്ട കാരണം പാം ഓയിലും ഭക്ഷ്യയെണ്ണയും ഇറക്കുമതി ചെയ്തതാണ്. ഇതിന്റെ ഫലമായിട്ടാണ് നാളികേരത്തിന്റെയും വെളിച്ചെണ്ണയുടെയും വില കുറഞ്ഞത്. സമ്പന്നൻമാർ തടിച്ചുകൊഴുക്കുന്നു. പാവപ്പെട്ടവർ പാപ്പരായിക്കൊണ്ടിരിക്കുന്നു. അതാണ് ഇവിടത്തെ അവസ്ഥ. വെളിച്ചെണ്ണയിൽ മാത്രം സോപ്പു നിർമ്മിക്കുന്ന ഹിന്ദുസ്ഥാൻ ലിവർ, ഗോദറേജ് പോലെയുള്ള വൻകിട സോപ്പു കമ്പനിക്കാരുടെ ലാഭം കൊല്ലം കഴിയുംതോറും കൂടിക്കൊണ്ടിരിക്കുന്നു. ഒരു ഗോദ്റേജ് കമ്പനിയ്ക്ക് 1999 ജൂൺ മാസം 30-ാം തീയതി വരെ 5,02,00,000 രൂപയാണ് ലാഭമുണ്ടായിരുന്നുവെങ്കിൽ ഈ കൊല്ലം ജൂൺ 30 ന് ഒരു കൊല്ലം കൊണ്ട് 14,40,00,000 രൂപയായി ഉയർന്നുവന്നു. 9 കോടി 38 ലക്ഷം രൂപ വെളിച്ചെണ്ണ കൊണ്ടുമാത്രം സോപ്പുണ്ടാക്കുന്ന ഒരു കമ്പനിയ്ക്ക് അധിക ലാഭമുണ്ടായി. ഇത് ആരെ സഹായിക്കാൻ? ആരുടെ കൂടെ ചേരാൻ? ഈ നന്ദികെട്ട, ഈ നീചമായ, മര്യാദകെട്ട നടപടി സ്വീകരിച്ചത് എന്തിനാണ്? അത് ഇവിടെ വ്യക്തമാണ്. ഈ നിയമസഭ ഏകകണ്ഠമായി ഇതിൽ അമർഷം രേഖപ്പെടുത്തണം. എൽ.ഡി.എഫ്. ഗവൺമെന്റ് ഇവിടെ നിലനിൽക്കുന്നതുകൊണ്ടാണ് കൂട്ടപ്പട്ടിണി മരണത്തിൽനിന്നും ജനതയെ രക്ഷിക്കാൻ കഴിഞ്ഞത്. നിങ്ങൾ ഇവിടെ നിരാഹാര സത്യാഗ്രഹമല്ല കൂട്ട ആത്മഹത്യ ചെയ്താലും, രക്ഷപ്പെടാൻ പോകുന്നില്ല. ഇതിന് അടിത്തറ പാകിയത് നിങ്ങളാണ്. ഈ രാജ്യത്തിലെ ജനങ്ങൾ ഇതറിയും. നിങ്ങളെ കൈയും കെട്ടി ഉത്തരം പറയിപ്പിക്കും. റബ്ബറിന്റെ വില വർദ്ധിപ്പിച്ച് ശേഖരിക്കാൻ ഈ ഗവൺമെന്റ് തയ്യാറായി. ഇനിയും ഗവൺമെന്റ് ജാഗ്രത പുലർത്തണം. ഈ രാജ്യത്തിലെ ജനങ്ങളോടു താൽപ്പര്യമുള്ള ജനകീയ ഗവൺമെന്റാണ് എൽ.ഡി.എഫ്. ഗവൺമെന്റ്. അവർ

LIBRARY ARCHIVES Kerala Legislative Assembly

എന്തെങ്കിലും കാട്ടിക്കൂട്ടട്ടെ, ഈ ഗവൺമെന്റ് ഇനിയും ജാഗ്രത പുലർത്തണം. സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിൽനിന്നും സഹകരണ സംഘങ്ങളിൽ നിന്നും തേങ്ങ സംഭരിക്കണം. കൊപ്രയാക്കി വെളിച്ചെണ്ണ ഉൽപ്പാദിപ്പിച്ച് റേഷൻ ഷാപ്പുകൾവഴിയും മാവേലി സ്റ്റോർവഴിയും വിതരണം ചെയ്യാനുള്ള സംവിധാനമുണ്ടാകണം. ഓരോ താലൂക്കിലും വെളിച്ചെണ്ണയുണ്ടാക്കാനുള്ള കേന്ദ്രങ്ങൾ സ്ഥാപിക്കണം. പാം ഓയിൽ വിതരണം പാടേ തടയണം. ഒരിറ്റു പാം ഓയിൽ പോലും ഇവിടെ കൊണ്ടുവരാൻ സമ്മതിക്കാത്ത വിധത്തിൽ നമ്മൾ പാം ഓയിൽ തടയണം. കടത്തിന് മൊറോട്ടോറിയം പ്രഖ്യാപിക്കണം. രണ്ട് കിലോ അരി വാങ്ങുന്നവൻ ഒരു കിലോ മേടിക്കുന്നു, അര കിലോ മേടിക്കുന്നവർ കാൽ കിലോ മേടിക്കുന്നു. ഈ രാജ്യത്തിലെ ജനങ്ങൾ പട്ടിണികൊണ്ട് ബുദ്ധിമുട്ടുകയാണ്. കേന്ദ്രഗവൺമെന്റ് ഗോഡൗണുകളിൽ അരി കെട്ടിക്കിടക്കുകയാണ്, കെട്ടിക്കിടക്കുന്ന അരി ചെറുകിട ഇടത്തരം കർഷകർക്കും കർഷകത്തൊഴിലാളികൾക്കും തോട്ടം തൊഴിലാളികൾക്കും ദരിദ്രവിഭാഗങ്ങൾക്കും സൗജന്യമായി വിതരണം ചെയ്യാനുള്ള സംവിധാനമുണ്ടാക്കണം. അക്കാര്യത്തിൽ യോജിക്കാൻ തയ്യാറാണോ? താലൂക്കടിസ്ഥാനത്തിൽ 143 കൊപ്ര സംഭരണ കേന്ദ്രങ്ങൾ സ്ഥാപിക്കണം. ഇതിനാവശ്യമായത് 50 ശതമാനം കേന്ദ്രഗവൺമെന്റ് നൽകണം. ആന്റണി ഡൽഹിയിൽ പോയി 'ഒരു നാളികേരത്തിന് ഒരു രൂപ വർദ്ധിപ്പിക്കണമെന്നാണ്' ആവശ്യപ്പെട്ടത്. രണ്ടു രൂപയുടെ നാളികേരത്തിന് മൂന്നു രൂപയായി വർദ്ധിപ്പിച്ചാൽ മതിയോ? നാളികേരത്തിന് താങ്ങുവില കേന്ദ്രഗവൺമെന്റ് കൊടുത്തതുപോലെ കൊപ്രയ്ക്കു 4000 വും ഉണ്ടകൊപ്രയ്ക്ക് 4800 വും ആയി വില നിശ്ചയിക്കാൻവേണ്ടി നമുക്ക് യോജിച്ചു നിൽക്കണം. മണ്ഡരി രോഗം ബാധിച്ച് തെങ്ങുകൾ മുഴുവൻ നഷ്ടപ്പെട്ട ഈ രാജ്യത്തെ കൃഷിക്കാരെ രക്ഷിക്കാൻ വേണ്ടി 99 കോടി രൂപയുടെ ഒരു പദ്ധതി ഇവിടുത്തെ കൃഷി വകുപ്പുമന്ത്രിയും കേരളാ ഗവൺമെന്റും കേന്ദ്രത്തിന് സമർപ്പിച്ചിട്ടുണ്ട്. അതിന് അംഗീകാരം ലഭ്യമാക്കാൻ നമുക്ക് ഒന്നായി യോജിച്ചു നിൽക്കണം. അതിനുവേണ്ടി കേന്ദ്രത്തിൽ പോകണമെങ്കിൽ കേന്ദ്രത്തിൽ പോകണം. ഇവിടെ വേണമെങ്കിൽ ഇവിടെ ഇറങ്ങണം. ഒറ്റപ്പെട്ടുനിന്ന് ചീപ് പോപ്പുലാരിറ്റിയ്ക്കുവേണ്ടി എന്തെങ്കിലും കാട്ടിക്കൂട്ടിയാൽ പോരാ. കേരളത്തിന്റെ വടക്കൻ മേഖലകളിൽ പ്രവർത്തിക്കുന്ന ബീഡി കമ്പനി പൂട്ടിയതിനെത്തുടർന്ന് തൊഴിൽരഹിതരായ പതിനായിരക്കണക്കിന് തൊഴിലാളികൾക്കും അവരുടെ കുടുംബങ്ങൾക്കും സംരക്ഷണം നൽകാൻവേണ്ടി നാട്ടുകാരും തൊഴിലാളികളും രാഷ്ട്രീയ പാർട്ടികളും ഒന്നായി ചേർന്ന് മുന്നോട്ടുവന്ന് സഹകരണ ബീഡി കമ്പനി തുടങ്ങി, സൊസൈറ്റി രൂപീകരിച്ചു. അതുപോലെ ഈ രാജ്യത്ത് 4 ലക്ഷം വരുന്ന നാളികേര തൊഴിലാളികൾ, 4 ലക്ഷം വരുന്ന തെങ്ങുകയറ്റത്തൊഴിലാളികൾ, 15 ലക്ഷം വരുന്ന കർഷകത്തൊഴിലാളികൾ ഇവരെ സംഘടിപ്പിച്ചുകൊണ്ട് നമുക്ക് ഈ വെല്ലുവിളികൾ നേരിടാം. നമ്മുടെ ഭക്ഷണശീലങ്ങൾക്ക് മാറ്റം വരുത്തണം. വിവിധ ഭക്ഷ്യ എണ്ണകളും 'കോളകളും' നമ്മുടെ വിപണിയിലേക്ക് ഒഴുകിക്കൊണ്ടിരിക്കുന്നു. ഏറ്റവും വലിയ ആരോഗ്യപാനീയമാണ് ഇളനീർ. അതുപോലെ ലഹരിയില്ലാത്ത മധുരക്കള്ള് തെങ്ങിൽനിന്നുമെടുത്ത് ഉപയോഗിക്കുവാനുള്ള സംവിധാനമുണ്ടാക്കണം. തെങ്ങിന്റെ ചക്കര ഗുണമുള്ളതാണ്. മധുരക്കള്ള് കുട്ടികൾക്ക് കൊടുക്കാം. പോഷകഗുണമുള്ളതാണ്. മാർക്കറ്റിൽ കിട്ടുന്ന കെമിക്കൽ ഉൽപ്പന്നമായ വിനാഗിരി നല്ല കള്ളിൽനിന്നും ഉൽപ്പാദിപ്പിക്കണം. നല്ല ഒന്നാന്തരം തെങ്ങിൻകള്ള് ഉൽപ്പാദിപ്പിക്കാൻ നമുക്ക് കഴിയണം. ലഹരി കുറഞ്ഞ

[11 AM]

LIBRARY ARCHIVES Kerala Legislative Assembly

'കോക്കനട്ട് ബിയർ' ഉൽപ്പാദിപ്പിച്ച് ഈ രാജ്യത്ത് മുഴുവൻ വിതരണം ചെയ്യണം. അത് വന്ന് കഴിഞ്ഞാൽ ഒരതിർത്തിവരെ ഈ പ്രതിസന്ധിക്ക് നമുക്ക് പരിഹാരം കാണാൻ കഴിയും. ഇറ്റലിയിൽനിന്നും ഫ്രാൻസിൽ നിന്നും മുന്തിരിയിലുണ്ടാക്കുന്ന വൈൻ കൊണ്ടുവന്നിട്ട് കോടിക്കണക്കിന് രൂപയാണ് കൊണ്ടു പൊയ്ക്കൊണ്ടിരിക്കുന്നത്. ഈ രാജ്യത്തിലെ ജനങ്ങളെ കൊല്ലാക്കൊലയ്ക്ക് കൊടുത്തുകൊണ്ടിരിക്കുകയാണ്. ഇന്ന് ഇറ്റലിക്കാരന്റെയും ഫ്രാൻസുകാരന്റെയും വൈൻ കൊണ്ടുവന്ന് ഇവിടെ വിറ്റുകൊണ്ടിരിക്കുകയാണ്. ബ്രിട്ടീഷുകാരന്റെ ബ്രാൻഡി ഇവിടെ വില്ക്കുന്നുണ്ട്. മലയോരപ്രദേശങ്ങളിലുള്ളവർ ഒരു കലത്തിൽ മുന്തിരിയും കുറച്ച് ഗോതമ്പും ഇട്ട് വേറൊരു കലം കൊണ്ട് മൂടി കുഴിച്ചിട്ട് അങ്ങനെ വൈൻ ഉണ്ടാക്കി കഴിക്കുന്നുണ്ട്. ഇവിടെ കരിക്ക്, കള്ള്, തൊണ്ട്, ചീര, തടി ഇവയ്ക്കൊന്നും വേണ്ടത്ര പ്രാധാന്യം നല്കുന്നില്ല. ഒരു തെങ്ങിൽനിന്നും ഒരു ദിവസം ഒന്നര ലിറ്റർ കള്ള് ഉണ്ടാക്കുന്നുവെന്നാണ് പറയുന്നത്. ഒരു ലിറ്ററിന് 60 രൂപ. ഒരു തെങ്ങിനു 60 രൂപ വച്ച് ഒരു കൊല്ലത്തിൽ പതിനായിരത്തി എണ്ണൂറ് രൂപ കിട്ടും. എക്സൈസ്കാർക്ക് 3800 രൂപ നികുതിയായി പോയിക്കഴിഞ്ഞാൽ അതായത് 1000+3800=4800 കഴിച്ച് ബാക്കിയുണ്ടായിരുന്ന ആറായിരം രൂപ. തൊഴിലാളികൾക്കും മറ്റുള്ളവരും കൂടിച്ചേർന്നു കഴിഞ്ഞാൽ ഈ രാജ്യത്തെ ഏറ്റവും നല്ല മധുരക്കള്ള്, ലഹരിയില്ലാത്ത കള്ള്, ജനങ്ങളെ രക്ഷിക്കാവുന്ന, ആരോഗ്യം ഉണ്ടാക്കാവുന്ന കള്ള് ഉൽപ്പാദിപ്പിക്കാൻ കഴിയും. നമ്മുടെ ഈ സമ്പദ്ഘടനയിൽ പുതിയ മാറ്റമുണ്ടാക്കാൻ, വിഷമദ്യ ദുരന്തത്തിൽനിന്നും ഈ രാജ്യത്തെ രക്ഷിക്കാൻവേണ്ടി നമുക്കൊന്നായി ചേരണം. അതിന് നേതൃത്വം കൊടുക്കാൻ വേണ്ടി ഗവൺമെന്റ് തയ്യാറാകണമെന്ന് പറഞ്ഞു കൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ): സർ, ബഹു. മെമ്പർ ശ്രീ. എ. കണാരൻ ശ്രദ്ധക്ഷണിക്കലിലൂടെ ഒത്തിരി പ്രശ്നങ്ങൾ ഇവിടെ ഉന്നയിച്ചു. കാർഷികമേഖലയെ നേരിടുന്ന പ്രശ്നങ്ങൾ മാത്രമല്ല, വേറെയും ചില പ്രശ്നങ്ങൾ അദ്ദേഹം ഇവിടെ ഉന്നയിച്ചു. എല്ലാ പ്രശ്നങ്ങൾക്കും കൂടി ഒരു ശ്രദ്ധക്ഷണിക്കലിലൂടെ മറുപടി പറയാൻ എനിക്ക് ആഗ്രഹമുണ്ട്. പക്ഷേ സമയമില്ല എന്ന് അങ്ങേയ്ക്ക് അറിയാമല്ലോ. ഗാട്ട് കരാറിനെത്തുടർന്ന് വിവേചനരഹിതമായിട്ടുള്ള വ്യാപാര ഉദാരവൽക്കരണത്തിന്റെ ഫലമായി നമ്മുടെ രാജ്യവും പ്രത്യേകിച്ച് നമ്മുടെ സംസ്ഥാനവും സംസ്ഥാനത്തിന്റെ കാർഷികമേഖലയും അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളാണ് അദ്ദേഹം ഇവിടെ അവതരിപ്പിച്ചത്. 1991 ൽ ഈ കരാറിൽ ഒപ്പുവയ്ക്കുന്ന അവസരത്തിൽത്തന്നെ ഈ കരാർ അനുസരിച്ചുള്ള നടപടികൾ സ്വീകരിച്ചാൽ നമ്മുടെ രാജ്യത്ത് ഉണ്ടാകാൻ പോകുന്ന അപകടത്തെ സംബന്ധിച്ച് ഇടതുപക്ഷ ജനാധിപത്യ മുന്നണി അതിശക്തമായ രീതിയിൽ അന്നത്തെ കേന്ദ്ര ഗവൺമെന്റിനേയും ആ നയം സ്വീകരിക്കണമെന്ന് കേന്ദ്ര ഗവൺമെന്റിനെ പ്രേരിപ്പിക്കുന്ന സാമ്പത്തിക വിദഗ്ദ്ധൻമാരേയും ആ കേന്ദ്രഗവൺമെന്റിനെ സംവിധാനം ചെയ്ത രാഷ്ട്രീയ പാർട്ടി നേതൃത്വത്തേയും വ്യക്തമായിട്ട് അറിയിച്ചതാണ്. മെക്സിക്കോയുടെ അനുഭവം നമ്മുടെ മുന്നിലുണ്ട്. അതാണ് ആദ്യം ഈ കരാർ അനുസരിച്ചുള്ള നടപടികൾ സ്വീകരിച്ച രാജ്യങ്ങളിൽ ഒന്ന്. ആ നടപടികളുടെ ഫലമായിട്ടുണ്ടാകുന്ന ദുരന്തഫലങ്ങൾ നോക്കി നിൽക്കുകയാണു ചെയ്തത്. കടുവകൾ എന്ന് നമ്മോട് നോക്കിക്കാണാൻ പറഞ്ഞ തെക്കുകിഴക്കൻ ഏഷ്യൻ രാജ്യങ്ങളുടെ തകർച്ച. രണ്ടാമത്തെ കരാറിന്റെ രക്തസാക്ഷികൾ അവരാണ്. തെക്കു കിഴക്കൻ ഏഷ്യൻ രാഷ്ട്രങ്ങൾ ആണ് ആ രാഷ്ട്ര

LIBRARY ARCHIVES Kerala Legislative Assembly

ങ്ങൾ. ആ രാഷ്ട്രങ്ങളുടെ ഒന്നൊന്നായിട്ടുള്ള തകർച്ച. ഇത് ഈ കരാറിന്റെ മൂന്നാമത്തെ ഘട്ടമാണ്. ഈ മൂന്നാമത്തെ ഘട്ടത്തിൽ ദുരിതങ്ങൾ ഏറെ ശക്തമാണ്. ശക്തമാണെങ്കിൽപ്പോലും ഒന്നും രണ്ടും ഘട്ടങ്ങളിൽ അതിന്റെ തകർച്ചയെ നോക്കിനിൽക്കുകയാണ് ചെയ്തതെങ്കിൽ മൂന്നാമത്തെ ഘട്ടത്തിൽ കാണുന്ന സവിശേഷത, ഈ നയത്തിനെതിരായിട്ട് ഈ നയം തിരുത്താൻ ആവശ്യമായിട്ടുള്ള ശക്തമായ പോരാട്ടം നമ്മുടെ രാജ്യത്തിനകത്ത് ഉയർന്നു വരികയാണ്. ആ പോരാട്ടം പല തലങ്ങളിലായിട്ട് - ഇൻഡ്യയിലെ ചെറുപ്പക്കാർ, ഇൻഡ്യയിലെ തൊഴിലാളികൾ, ഇൻഡ്യയിലെ കൃഷിക്കാർ, അതുപോലെ തന്നെ ഒന്നിച്ചും നടത്തുന്ന ഉജ്ജ്വലമായിട്ടുള്ള പോരാട്ടം ഗാട്ട് കരാറിനെതിരായിട്ട്, ഉദാരവൽക്കരണത്തിനെതിരായിട്ട് ഉയർന്നു വരികയാണ്. അങ്ങനെ സമരത്തിന്റെ ഒരു പുതിയ രീതി. തീർച്ചയായിട്ടും ഇടതുപക്ഷ ജനാധിപത്യ മുന്നണിയ്ക്ക് പ്രതീക്ഷയുണ്ട്. ഈ പോരാട്ടത്തിന്റെ ഘട്ടത്തിൽ ഈ നയം തിരുത്താൻ കേന്ദ്രഗവൺമെന്റ് നിർബന്ധിതമായിത്തീരും. അത്തരമൊരു സാഹചര്യം നമ്മുടെ രാജ്യത്ത് രൂപം കൊള്ളുമെന്ന പ്രതീക്ഷയാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണിക്കുള്ളത്. ഈ മുന്നണിക്കകത്തുള്ള രാഷ്ട്രീയ പാർട്ടികൾക്കുള്ളത്. അതിന്റെ പ്രവർത്തകർക്കുള്ളത് ആ പ്രതീക്ഷയാണ്. ആ പ്രതീക്ഷയ്ക്കനുസൃതമായിട്ടുള്ള വമ്പിച്ച പോരാട്ടം ഉയർന്നുവരികയാണ്. ഇതിന്റെയെല്ലാം ഫലമായിട്ട് ഇന്ന് പത്രങ്ങളിൽ വന്ന കണക്ക്: കേന്ദ്രത്തിലെ ഭക്ഷ്യ പൊതുവിതരണം സംബന്ധിച്ചു പാർലമെന്റിന്റെ സ്റ്റാന്റിംഗ് കമ്മിറ്റിയിലെ അംഗങ്ങൾ, ആ സ്റ്റാന്റിംഗ് കമ്മിറ്റിയിലെ പരിശോധനയ്ക്കുശേഷം വെളിപ്പെടുത്തിയത് നമ്മുടെ രാജ്യത്തിനാവശ്യമുള്ള ഭക്ഷ്യ എണ്ണയുടെ ഇരട്ടിയിലധികം ഇറക്കുമതി ചെയ്ത് ഇതിനകം സ്റ്റോക്ക് ചെയ്തിരിക്കുന്നു എന്നാണ്. ആ നയത്തിന്റെ ഫലമായിട്ടുണ്ടാകുന്ന ഒരു അപകടകരമായ സൂചനയിലേക്ക് പാർലമെന്റ് കമ്മിറ്റി വിരൽ ചൂണ്ടുകയാണ്. നമ്മുടെ രാജ്യത്തിന്റെ ആഭ്യന്തര ഉൽപ്പാദനം എത്രയാണ്? നമ്മുടെ ഭക്ഷ്യ എണ്ണയുടെ ആവശ്യം എത്രയുണ്ട്? ആ ആവശ്യം പരിഗണിച്ചാണ് ഇറക്കുമതിയെക്കുറിച്ച് നാം ചിന്തിക്കേണ്ടത്. ഒരു നിയന്ത്രണവുമില്ലാത്തതുകൊണ്ട് ഇഷ്ടംപോലെ വിദേശ രാജ്യങ്ങളിൽനിന്നും ഭക്ഷ്യഎണ്ണ ഇറക്കുമതി ചെയ്ത് ഇവിടെ കേന്ദ്രീകരിക്കാനുള്ള അധികാരം വ്യാപാരികൾക്കും വ്യവസായികൾക്കും ഈ കരാർ അനുസരിച്ചുണ്ട്. അതിന്റെ ഫലമായിട്ടാണ് പാർലമെന്റ് കമ്മിറ്റി ചൂണ്ടിക്കാണിച്ചതുപോലെ നമ്മുടെ രാജ്യത്തിന് ഒരു വർഷം ആവശ്യമായുള്ളതിനെക്കാൾ ഇരട്ടിയിലധികം ഭക്ഷ്യഎണ്ണകൾ ഇറക്കുമതി ചെയ്ത് ഇവിടെ ശേഖരിച്ചു വച്ചിരിക്കുന്നു. ഇന്ന് പത്രത്തിൽ വന്ന വാർത്ത അദ്ദേഹം ഉന്നയിച്ചതാണ്. ഇവിടെ കേന്ദ്ര ഗവൺമെന്റ് പാവപ്പെട്ടവർക്ക് അരി കൊടുക്കുന്നില്ല. ഈ നയം ഗവൺമെന്റിനെക്കൊണ്ടു സ്വീകരിപ്പിക്കുന്നതിന് രൂപം കൊടുത്തവരുണ്ട്. അതു പറയുമ്പോൾ ബഹുമാന്യനായ പ്രതിപക്ഷ നേതാവിനു പ്രശ്നമാകും. അതുകൊണ്ട് ഞാൻ പറയുന്നില്ല. 185 കോടി രൂപയുടെ അരി ഉപയോഗശൂന്യമായി കടലിൽ തള്ളാൻ കേന്ദ്ര ഗവൺമെന്റിനു നിർദ്ദേശം കൊടുത്തിരിക്കുന്നു എന്ന വാർത്തയാണ് പത്രത്തിൽ നമ്മൾ വായിച്ചത്. മനുഷ്യസ്നേഹം അൽപ്പം പോലും സ്പർശിച്ചിട്ടില്ലാത്ത ഒരു ഗവൺമെന്റ്. നമ്മുടെ രാജ്യത്ത് 45 ശതമാനത്തിൽ ഏറെ പട്ടിണിക്കാരാണ്. ഭക്ഷ്യധാന്യങ്ങൾ ഇല്ലാത്തതുകൊണ്ടല്ല, മാർക്കറ്റ് വിലയ്ക്ക് സാധനങ്ങൾ വാങ്ങി ഭക്ഷണമുണ്ടാക്കി കഴിക്കാൻ കഴിയാത്തവരാണ് നമ്മുടെ രാജ്യത്തുള്ള പട്ടിണിക്കാർ. അങ്ങനെ പട്ടിണിക്കാരുള്ളപ്പോൾ അവർക്കുപോലും കൊടുക്കാതെയാണ് 185 കോടി രൂപയുടെ അരിയും ഗോതമ്പും കടലിൽ തള്ളുന്നത്. അത് ഈ നയത്തിന്റെ ഫലമാണ്. സൗജന്യ

LIBRARY ARCHIVES Kerala Legislative Assembly

ങ്ങൾ ആർക്കും കൊടുക്കരുത്. സബ്സിഡി കൊടുക്കരുത്, ഗ്രാന്റ് കൊടുക്കരുത്: ഗാട്ട് കരാറിന്റെ ഉദാരവൽക്കരണ നയത്തിന്റെ ആകെത്തുകയാണ്! അതിന്റെ ഫലമായിട്ടാണ് ആവശ്യമുണ്ടായിട്ടും, ആവശ്യക്കാരുണ്ടായിട്ടും അവർക്ക് അരിയും ഗോതമ്പും നൽകാതെ കടലിൽത്തള്ളുന്ന അവസ്ഥയുണ്ടാകുന്നത്. ഈ നയത്തിന്റെ ദുരിതഫലങ്ങളാണ് ഇതിന്റെയെല്ലാം ഫലമായിട്ടു വരുന്നത്. ഇതിനെ നേരിടാനായി കൂട്ടായ്മയെക്കുറിച്ച് പറഞ്ഞു. സംസ്ഥാനത്ത് ഈ പറഞ്ഞ കാർഷികോൽപ്പന്നങ്ങളുടെ മുഴുവൻ വിലയും തകർന്നുപോയത് ഇതിന്റെയെല്ലാം ഫലമായിട്ടാണ്. ഇനി നമുക്ക് ചെയ്യാൻ കഴിയുന്ന കാര്യങ്ങൾ എന്താണ്? ഞാൻ ചോദ്യോത്തര വേളയിൽ പറഞ്ഞു. നമുക്ക് ചെയ്യാൻ കഴിയുന്നത് റബ്ബറിന്റെ കാര്യത്തിലാണെങ്കിൽ, റബ്കോ മുൻകൈയെടുത്ത് റബ്ബറധിഷ്ഠിത വ്യവസായങ്ങൾ സ്ഥാപിച്ചു: 8 പുതിയ വ്യവസായങ്ങൾ സ്ഥാപിച്ചു. അതിന്റെ ഫലമായിട്ട് റബ്ബറിന്റെ ഉപയോഗം കുറച്ചുകൂടി കേരളത്തിന്റെ ആഭ്യന്തര മേഖലയിൽ വർദ്ധിപ്പിക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. അതു മാത്രം പോരാ. വിദേശത്തുനിന്നും ഇപ്പോഴും ഇഷ്ടം പോലെ റബർ ഉൽപ്പന്നങ്ങൾ ഇറക്കുമതി ചെയ്യുകയാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : ഒരു ചോദ്യം ചോദിക്കട്ടെ.

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : എനിക്ക് പ്രശ്നമില്ല. ചെയർ അനുവദിച്ചാൽ ആകാം. അങ്ങ് എനിക്ക് അടുത്ത സുഹൃത്താണ്. അങ്ങും ഞാനും കൂടി തീരുമാനിച്ചാൽ പറ്റില്ലല്ലോ. ചെയർ അനുവദിക്കണ്ടെ? ചെയർ അനുവദിച്ചാൽ എനിക്ക് പ്രശ്നമില്ല. അങ്ങയോട് എനിക്ക് സ്നേഹമുണ്ട്. പക്ഷെ അങ്ങും ഞാനും മാത്രം തീരുമാനിച്ചാൽ ഈ സഭയിൽ പറയാൻ ഒക്കില്ലല്ലോ.... (തടസ്സം)...

അതു കുഴപ്പമില്ല. കാരണം കേരളത്തിലെ കൃഷിക്കാർക്കുവേണ്ടി കേരളത്തിലെ കൃഷിക്കാർ നേരിടുന്ന യാഥാർത്ഥ്യങ്ങൾ, ഇവിടത്തെ സാധാരണക്കാർ നേരിടുന്ന യാഥാർത്ഥ്യങ്ങൾ വളച്ചുകെട്ടില്ലാതെ ഈ സഭയിൽ ഞാൻ ഉന്നയിച്ചാൽ മതിപ്പ് കുറയുന്നെങ്കിൽ കൃഷിക്കാർക്കുവേണ്ടി അതു സ്വീകരിക്കാൻ ആയിരംവട്ടം ഞാൻ തയ്യാറാണ്. അതിലൊന്നും ഒരൽപ്പം ചാഞ്ചാട്ടത്തിന്റെ പ്രശ്നമില്ല. ഒരു പുതിയ ക്രെഡിറ്റ് ബഹു. തിരുവഞ്ചൂർ രാധാകൃഷ്ണൻ നെറ്റിയിൽ കെട്ടി നടക്കട്ടെ. അതിന്റെ അംഗീകാരം വാങ്ങട്ടെ. ഇതു കൊണ്ട് ഒരു മതിപ്പ് അങ്ങ് നെറ്റിയിൽ കെട്ടി നടക്കുക. ചെയർ അനുവദിക്കുന്നതല്ല, അതുകൊണ്ടാണ് ഞാൻ വഴങ്ങാത്തത്.

ഇതിന് നമുക്ക് ചെയ്യാൻ കഴിയുന്നത് റബ്ബറിന്റെ കാര്യത്തിൽ കേരളത്തിൽ മുമ്പൊരിക്കലും ഉണ്ടായിട്ടില്ലാത്ത രീതിയിൽ റബ്ബർ അധിഷ്ഠിത വ്യവസായങ്ങൾ ഇവിടെ ഉയർത്തിക്കൊണ്ടുവന്നിരിക്കുന്നു. .....(തടസ്സം) ശ്രീ. ടി. എം. ജേക്കബിന് എന്തുപറ്റി? റോഡിന്റെ കാര്യം ശ്രീ. പി.ജെ. ജോസഫ് സംസാരിക്കുമ്പോൾ പറയും. അതിൽ സ്വീകരിച്ച നടപടി, അതിനുവേണ്ടി ദക്ഷിണേന്ത്യയിലെ ബന്ധപ്പെട്ട മന്ത്രിമാരേയും ഉദ്യോഗസ്ഥൻമാരേയും വിളിച്ചു നടത്തിയ ചർച്ച, ആ കാര്യങ്ങളിലൊക്കെ ഗവൺമെൻറ് മുമ്പത്തേക്കാൾ മുന്നോട്ട് പോയിട്ടുണ്ടെന്ന കാര്യവും നിഷേധിക്കാൻ കഴിയില്ല. റബ്ബർ ഉൽപ്പന്നങ്ങളുണ്ടാക്കി മാർക്കറ്റിൽ വരുമ്പോൾ വിദേശ രാജ്യങ്ങളിൽനിന്നും റബ്ബർ ഉൽപ്പന്നങ്ങൾ ഇറക്കുമതിചെയ്ത് നമ്മുടെ കമ്പോളത്തിൽ നമ്മുടെ ഉൽപന്നങ്ങളോടൊത്ത് മത്സരിക്കാൻ കഴിയാത്ത സ്ഥിതി വരികയാണ്. ഈ നയത്തിന്റെ ഫലമായി, നമ്മൾ സഹായകരമായ നിലപാട് സ്വീകരിക്കുമ്പോൾ അതും ഒരു തിരിച്ചടിയായിട്ട് മാർക്കറ്റിൽ വരുന്നു. ഇപ്പോൾ കേരഫെഡാണെ

LIBRARY ARCHIVES Kerala Legislative Assembly

ങ്കിൽ 18 കോടി രൂപ ചെലവ്ചെയ്ത് നാളികേരത്തിന്റെ വൈവിധ്യവൽക്കരണ പ്രവർത്തനങ്ങൾ പൂർത്തിയാക്കാൻ പോകുകയാണ്. അത് പൂർത്തിയാക്കുമ്പോൾ അവർ ഉൽപ്പാദിപ്പിക്കുന്ന കോക്കനട്ട് പൗഡറും കോക്കനട്ട് മിൽക്കും ബേബി ഓയിലും നമ്മുടെ മാർക്കറ്റിൽ വരും. ഇത് മാർക്കറ്റിൽ എത്തുന്ന അവസരത്തിൽ ആയിരിക്കും അമേരിക്കയിൽനിന്നും 700-ൽ അധികം ഉൽപ്പന്നങ്ങൾ ഏപ്രിൽ 1-ാം തീയതി നമ്മുടെ മാർക്കറ്റിൽ എത്തുന്നത്. നമ്മുടെ ഉൽപ്പന്നങ്ങൾ ഇറങ്ങുന്നത് ഏകദേശം അതേ കാലത്തായിരിക്കും. നമ്മുടെ കമ്പോളത്തിനകത്തുപോലും നമ്മുടെ ഉൽപ്പന്നങ്ങൾ വിതരണം ചെയ്യാനുള്ള ഒരു സുരക്ഷിതത്വം ഇല്ലാതെ പോയിരിക്കുന്നു. ആ സുരക്ഷിതത്വം ഇല്ലാതെ എങ്ങനെയാണ് ഈ മത്സരത്തിൽ പങ്കെടുക്കാൻ കഴിയുക? നമ്മുടെ ഉൽപ്പന്നങ്ങൾക്ക് ഒരു സുരക്ഷിതത്വം വേണ്ടേ? ഈ കരാറനുസരിച്ച് അത് ഇല്ലാതായിരിക്കുന്നു. അതുകൊണ്ട് വൈവിധ്യവൽക്കരണ പ്രവർത്തനത്തിലേക്ക് ഗവൺമെന്റ് പോവുകയാണ്. അങ്ങനെ പോകുന്നതിന് 'കേരഫെഡ്' പ്രധാന പങ്കു വഹിക്കുന്നു. അങ്ങനെ തെങ്ങുകർഷകരെ സംരക്ഷിക്കാനുള്ള ഒരു നടപടിയുടെ ഭാഗമായാണ് കേരളത്തിലുടനീളം ഇളനീർ വിൽപ്പനയുടെ നൂറു കണക്കിനു കേന്ദ്രങ്ങൾ ഉയർന്നുവന്നിട്ടുള്ളത്. അത് ആളുകൾക്ക് വളരെ സഹായകരമാണ്. അതിനു കേരളത്തിലെ കൃഷിക്കാർ മടിച്ചു നിൽക്കുകയായിരുന്നു. എന്നാൽ ഈ പ്രശ്നങ്ങളെ അതിജീവിക്കുന്നതിന് നമ്മുടെ പ്രവർത്തനങ്ങളുടെ ഫലമായി കഴിഞ്ഞു. പൊതുമേഖലയിൽ ചെറുപ്പക്കാരുടെ സംഘടനകളും ട്രേഡ് യൂണിയൻ സംഘടനകളുമെല്ലാം ഇളനീർ വിൽപ്പന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിൽ ഒരു മത്സരബുദ്ധിയോടുകൂടി ഇന്ന് കേരളത്തിലുടനീളം കാണാം. അതിന്റെ ഫലമായിട്ട്, വിളഞ്ഞ നാളികേരത്തിന്റെ എണ്ണം കുറയാനും കൊപ്രയുടെയും വെളിച്ചെണ്ണയുടെയും ഭാഗം കുറയാനും കൃഷിക്കാർക്ക് കുറച്ചുകൂടി ഉയർന്ന വില കിട്ടാനും ഇടയാകുമെന്നാണ് ഗവൺമെന്റ് കരുതുന്നത്. വെളിച്ചെണ്ണയുടെ ഉപയോഗം വർദ്ധിപ്പിക്കാനും അതിന്റെ ഔഷധഗുണത്തെപ്പറ്റി അവബോധം സൃഷ്ടിക്കാനുമുള്ള കൂട്ടായ ശ്രമങ്ങൾ നടന്നുവരികയാണ്. കോഴിക്കോട് മെഡിക്കൽ കോളേജിലെ വിദഗ്ധൻമാരുടെ ഒരു സംഘം ഡോക്ടർമാരുടെ പഠനം സൂചിപ്പിക്കുന്നത് 1970 കൾ വരെ നമ്മുടെ സംസ്ഥാനത്ത് ഹൃദ്രോഗം 30 വയസ്സിനു മുകളിലുള്ളവർക്കാണ് സാധാരണ ഉണ്ടാകാറുള്ളതെന്നും എന്നാൽ 1970 നു ശേഷം വിദേശ ഭക്ഷ്യഎണ്ണകൾ ധാരാളം ഇറക്കുമതി ചെയ്ത് വിലകുറഞ്ഞ എണ്ണകൾ വിതരണം ചെയ്യാനുള്ള അവസരങ്ങൾ ഉണ്ടായതിനെത്തുടർന്ന് അത് കൂടുതൽ ചെറുപ്പക്കാരിലേക്ക് വ്യാപിക്കാൻ തുടങ്ങിയിരിക്കുന്നുവെന്നുമാണ്; മെഡിക്കൽ കോളേജിലെ ഡോക്ടർമാരുടെ വിദഗ്ദ്ധമായ റിപ്പോർട്ടിൽ പറയുന്നതാണ്. അതുകൊണ്ട് വെളിച്ചെണ്ണ ഉപയോഗിക്കുന്നത് ഹൃദ്രോഗത്തെ തടയുന്നതിനുപോലും ഒരു പരിധിവരെ ഗുണകരമാണെന്നാണ് വിദഗ്ദ്ധരുടെ ഉപദേശം. ആ പ്രചരണ പ്രവർത്തനത്തിന്റെ ഫലമായി വെളിച്ചെണ്ണയുടെ ആഭ്യന്തര ഉപയോഗം കുറച്ചുകൂടി വർദ്ധിപ്പിക്കാനും നാളികേരത്തിന്റെ ഒരു ഭാഗം വൈവിധ്യവൽക്കരണ പ്രവർത്തനത്തിൽ മാറ്റിയെടുക്കാനും കൊപ്രയുടെ ഉൽപ്പാദനം കുറച്ച് തെങ്ങുകർഷകരെ സംരക്ഷിക്കാനും കഴിയുമോ എന്നു നോക്കുന്നതിനുള്ള ആത്മാർത്ഥമായ പരിശ്രമമാണ് ഈ രംഗത്ത് നടത്തുന്നത്.

കാർഷികോൽപ്പന്നങ്ങളുടെ ഇറക്കുമതി നിരോധിക്കണമെന്ന് സംസ്ഥാന ഗവൺമെന്റ് കേന്ദ്രഗവൺമെന്റിനോട് എപ്പോഴും ആവശ്യപ്പെടുന്നു. ഏതെങ്കിലും കാരണവശാൽ നിരോധിക്കാൻ കഴിയുകയില്ലെങ്കിൽ 'ഗാട്ട്' കരാറിന്റെ അകത്തുനിന്നുകൊണ്ടുതന്നെ കാർഷികോൽപ്പന്നങ്ങളുടെ ഇറക്കുമ

LIBRARY ARCHIVES Kerala Legislative Assembly

തിക്ക് ഉയർത്താൻ കഴിയാവുന്ന ഇറക്കുമതിച്ചുങ്കം പരമാവധി ഉയർത്തണം. ഭക്ഷ്യഎണ്ണയുടെ ഇറക്കുമതിച്ചുങ്കം പരമാവധി ഉയർത്തി ഈ മേഖല നമുക്ക് സംരക്ഷിക്കാൻ കഴിയണം. കാർഷിക ഉൽപ്പന്നങ്ങളുടെയും ഭക്ഷ്യ എണ്ണയുടെയും ഇറക്കുമതി രംഗത്ത് അതിന്റെ ചുങ്കം പരമാവധി ഉയർത്തി (കരാർ വ്യവസ്ഥയ്ക്കുള്ളിൽ നിന്നുകൊണ്ട്) കേരളത്തിലെ തെങ്ങ് കർഷകരേയും റബ്ബർ കർഷകരേയും തേയില, കാപ്പി, കുരുമുളക്, ഏലം, ചുക്ക്, കൊക്കോ തുടങ്ങിയവയുടെ കൃഷിക്കാരെയും സംരക്ഷിക്കുന്നതിന് ഏറ്റവും കൂടുതൽ തൊഴിലവസരങ്ങൾ പ്രദാനം ചെയ്യുന്ന കാർഷിക മേഖലയിലെ തൊഴിലവസരങ്ങൾ പരിരക്ഷിക്കുന്നതിനും കഴിയുമെന്നുള്ള വിശ്വാസമാണ് ഗവൺമെന്റിനുള്ളത്. അതിനുവേണ്ടി പുതിയ കൂട്ടായ്മകൾ ഉണ്ടാകണം. എല്ലാവരും സഹകരിച്ച് അതിനുവേണ്ടിയുള്ള ശ്രമം നടത്തണമെന്നാണ് ഗവൺമെന്റിന്റെ സമീപനം. അതിലൂടെ കേരളത്തിന്റെ കാർഷിക മേഖലയെ സംരക്ഷിക്കാനുള്ള പ്രവർത്തനങ്ങളിൽ നമുക്ക് ഒന്നിച്ചു പോകാൻ കഴിയുമെന്ന ശുഭാപ്തി വിശ്വാസമാണ് ഗവൺമെന്റിനുള്ളത്.

<u>ശ്രീ. എ. കണാരൻ</u> : അങ്ങ് പറഞ്ഞതുപോലെ കേന്ദ്ര ഗവൺമെന്റിന്റെ ഇറക്കുമതി നയത്തിന്റെ ഫലമായി വന്ന ദുരിതത്തിന് മാറ്റം വരുത്താൻ വേണ്ടി സംസ്ഥാന ഗവൺമെന്റ് കേന്ദ്രത്തിൽ സമർപ്പിച്ച ചില നിർദ്ദേശങ്ങളുണ്ട്. താങ്ങുവില നിശ്ചയിക്കുക, വെളിച്ചെണ്ണ ഉൽപ്പാദിപ്പിക്കുന്നതിന്റെ 50 ശതമാനം ചെലവ് വഹിക്കുക, മണ്ഡരി രോഗം ബാധിച്ചതിന്റെ കീടനാശിനിക്ക് വേണ്ടി സംഖ്യ അനുവദിക്കുക. അതുപോലെ കേന്ദ്ര ഗവൺമെന്റ് ഗോഡൗണിൽനിന്ന് അരിയെടുത്ത് സൗജന്യമായി വിതരണം ചെയ്യുക. ഏറ്റവും വലിയ ദുരിതത്തിൽ നിന്നും രാജ്യത്തെ രക്ഷിക്കാനുള്ള പോംവഴിക്കു വേണ്ടി ഇവിടെ നടന്നുകൊണ്ടിരിക്കുന്ന കൃഷിക്കാരുടെയും തൊഴിലാളികളുടെയും പോരാട്ടത്തിന് നേതൃത്വം കൊടുത്തുകൊണ്ട് കേന്ദ്രഗവൺമെന്റിന്റെ നയത്തിനെതിരെ വൻപിച്ച പ്രക്ഷോഭ സമരത്തിനുവേണ്ടി സംസ്ഥാന ഗവൺമെന്റ് തയ്യാറാകുമോ?

<u>ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ</u> : ഇപ്പോൾത്തന്നെ ശക്തമായ പോരാട്ടങ്ങൾ ഉയർന്നുവരികയാണ്. നമ്മുടെ നാട്ടിലെ ചെറുപ്പക്കാരുടെ സംഘടനകൾ തന്നെ പോരാട്ടത്തിലാണ്. കരാറിനെതിരായി കേരളത്തിന്റെ കാർഷിക മേഖലയെ സംരക്ഷിക്കാനുള്ള സമരങ്ങളെല്ലാം ഉയർന്നുവരണമെന്നാണ് ഈ ഗവൺമെന്റിന്റെ അഭിപ്രായം. ആ സമരങ്ങളൊക്കെ ഉയർന്നുവരികയും ചെയ്യും.

2. സംസ്ഥാനത്ത് മെഡിക്കൽ സർവ്വകലാശാല സ്ഥാപിക്കേണ്ടതിന്റെ ആവശ്യകത

<u>ശ്രീമതി ശോഭനാ ജോർജ്</u> : നമ്മുടെ സംസ്ഥാനത്തിലെ വിദ്യാഭ്യാസ രംഗം മറ്റു സംസ്ഥാനങ്ങൾക്ക് മാതൃകയാണ്. എന്നാൽ വൈദ്യശാസ്ത്ര പഠന രംഗത്ത് ഒട്ടേറെ പാകപ്പിഴകൾ ഉണ്ടെന്നു മാത്രമല്ല, എടുത്തു പറയത്തക്ക നേട്ടങ്ങൾ പോലുമില്ല എന്നുള്ളതാണ് സത്യം. വൈദ്യശാസ്ത്ര രംഗത്തെ പ്രധാനമായും അലോപ്പതി, ഹോമിയോ, ആയുർവേദം ഇങ്ങനെ തരംതിരിച്ചിരിക്കുന്നു. സംസ്ഥാനത്ത് ഈ വിധത്തിൽ 12,000 ത്തോളം വിദ്യാർത്ഥികളാണ് ചേർന്ന് പഠിക്കുന്നത്. സംസ്ഥാനത്ത് 7 മെഡിക്കൽ കോളേജുകളും, 5 ആയുർവേദ കോളേജുകളും, 3 ഹോമിയോ കോളേജുകളും 3 ദന്തൽ

LIBRARY ARCHIVES Kerala Legislative Assembly